**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4143** **18-07-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ ഫണ്ട് സമാഹരണത്തിനായുള്ള കമ്പനി രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ഫണ്ട് സമാഹരണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 26.06.2018 –തീയതിയിലെ സ.ഉ.(കൈ.) നം. 232/2018/ധന. പ്രകാരം സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിരുന്നു. |
| (ബി) | പ്രസ്തുത കമ്പനി പെൻഷൻ വിതരണത്തിന് ആവശ്യമായ തുക കണ്ടെത്തുന്നത് ഏതെല്ലാം രീതിയിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | പന്ത്രണ്ടോ അതിൽ കുറവോ തവണകളായി ബജറ്റിലൂടെ നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ള സർക്കാർ സഹായമാണ് കമ്പനിയുടെ പ്രധാന വരുമാനം. എൻ.എസ്.എ.പി –യുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിനും കമ്പനിക്ക് അർഹതയുണ്ട്. പൊതുജനങ്ങളിൽ നിന്നോ പൊതുമേഖലാ / മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഫണ്ട് സ്വരൂപിക്കുന്നതിന് 26.06.2018 –ലെ സ.ഉ.(കൈ.) നം. 232/2018/ധന. പ്രകാരം കമ്പനിക്ക് അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനി കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പെൻഷൻ വിതരണത്തിനായി ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കെ.എഫ്.സി. എന്നിവയിൽ നിന്നും ഫണ്ട് സമാഹരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഈട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സർക്കാർ നൽകിവരുന്ന ഗ്യാരണ്ടിയുടെയും അഷ്വറൻസിന്റെയും അടിസ്ഥാനത്തിലാണ് കമ്പനി വായ്പ സമാഹരിക്കുന്നത്. |
| (ഡി) | പ്രസ്തുത കമ്പനി എടുക്കുന്ന വായ്പകളുടെ തിരിച്ചടവ് ഏത് ബജറ്റ് ശീർഷകത്തിൽ നിന്നാണ് | (ഡി) | “2235-60-102-89-കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സഹായം” എന്ന ബജറ്റ് |

| | | | |
|---|---|---|---|
| | നിർവഹിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | ശീർഷകത്തിൽ നിന്നുമാണ് വായ്പകളുടെ തിരിച്ചടവ് നിർവ്വഹിക്കുന്നത്. വായ്പ തിരിച്ചടവിന് 19,835.17 കോടി രൂപയും, വായ്പയിന്മേൽ പലിശ നൽകുന്നതിന് 2,565.63 കോടി രൂപയും കമ്പനി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കമ്പനിയുടെ നിലവിലെ ബാധ്യത എത്രയാണെന്ന് അറിയിക്കുമോ; കമ്പനിയുടെ വായ്പാ ബാധ്യതകൾ സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ ;ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഇ) | കമ്പനിയുടെ നിലവിലെ ബാധ്യത 10,706.49 കോടി രൂപയാണ്. കമ്പനിക്ക് പ്രത്യേക അസ്തിത്വം ഉള്ളതാകയാൽ കമ്പനിയുടെ ബാധ്യത സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയായി കണക്കാക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ